വിശദീകരിക്കുമോ, പൊതുമേഖലാ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന പ്രോജക്ടുകൾ അവർക്ക് തന്നെയായി നൽകാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ? ഈ ഗവൺമെന്റ് വന്നതിനുശേഷം 140 ശതമാനം കറണ്ട് ചാർജ്ജ് വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇനി ഈ ഗവൺമെന്റിന്റെ കാലയളവിൽ കറണ്ട് ചാർജ്ജ് വർദ്ധിപ്പിക്കില്ല എന്ന് അങ്ങ് ഈ സഭക്ക് ഉറപ്പ് നൽകുമോ ?

ശ്രീ. എസ്. ശർമ്മ : സർ, കാപ്റ്റീവ് പ്രോജക്ടിനെ സംബന്ധിച്ച് അതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്ത് തീരുമാനം എടുത്ത് കഴിഞ്ഞിട്ടില്ല. ഉൽപ്പാദന ചെലവിനെ അടിസ്ഥാനമാക്കിക്കൊണ്ടാണ് വർദ്ധനവ് അനിവാര്യമാക്കേണ്ടി വരുന്നത്. അത്തരമൊരു സാഹചര്യം ഇതിന് മുൻപ് ഉണ്ടായിരുന്നു. ആ സാഹചര്യത്തിൽ വർദ്ധിപ്പിക്കേണ്ടി വന്നു. നാളെ എന്തായിരിക്കുമെന്നുള്ള കാര്യം ഇപ്പോൾ പറയുന്നത് യുക്തിസഹമായിരിക്കില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പട്ടികജാതി-പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിൽ പദ്ധതി

5(*184) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽദാന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സ്വയം തൊഴിൽ കണ്ടെത്താൻ തയ്യാറാവുന്ന പട്ടികജാതി-പട്ടികവർഗ്ഗ യുവാക്കളെ സഹായിക്കുന്നതിനായി നിലവിൽ എന്തൊക്കെ പദ്ധതികളാണുള്ളത് ;

(സി) പ്രസ്തുത വിഭാഗങ്ങൾക്ക് ഒരു കുടുംബത്തിൽ ഒരാൾക്ക് എന്ന പ്രകാരം തൊഴിൽ നൽകാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കുമോ ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള തൊഴിദാന പദ്ധതികൾ ഇപ്പോൾ തന്നെ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) പട്ടികജാതിയിൽപ്പെട്ട യുവാക്കൾക്ക് പലിശ രഹിത വായ്പ, കുടിൽ വ്യവാസായ ശൃംഖല എന്നീ പദ്ധതികളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽരഹിതർക്ക് ചെറുകിട വ്യവസായമോ, തൊഴിലോ ചെയ്തുന്നതിന് 10,000 രൂപവരെ പലിശ രഹിത വായ്പ നൽകുന്ന പദ്ധതിയും നടപ്പാക്കി വരുന്നു. ഇത് കൂടാതെ, പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നേരിട്ടും, ബാങ്ക്, ദേശീയ പട്ടികജാതി-പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പ റേഷൻ എന്നിവ മുഖേനയും പദ്ധതികൾ ഈ വിഭാഗങ്ങൾക്ക് വേണ്ടി നടപ്പിലാക്കുന്നുണ്ട്. കൂടിൽ വ്യവസായ ശൃംഖല പദ്ധതി പ്രകാരം 2.50 ലക്ഷം രൂപാ വരെയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്ന വ്യവസായ സംരംഭകർക്ക് 50,000 രൂപവരെ സബ്സിഡി നൽകുന്നുണ്ട്. ഇതിനുപുറമേ വിദഗ്ധമേഖലയിൽ തൊഴിൽ കണ്ടെത്താൻ സഹായിക്കുന്ന സമഗ്ര പരിശീലന പരിപാടി, കേരള ഓട്ടോ മൊബൈൽസ്, കേരള അഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷൻ, ആട്ടോ കാസ്റ്റ് തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പാക്കിവരുന്നു.

(സി) പട്ടികവിഭാഗങ്ങളിൽപ്പെട്ട എല്ലാ തൊഴിൽ രഹിതർക്കും തൊഴിൽ നൽകണമെന്നാണ് ഗവൺമെന്റ് നയം. പണത്തിന്റെ ലഭ്യതയനുസരിച്ച് ഇത് നടപ്പാക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

ജലഗതാഗതം സുഗമമാക്കാൻ നടപടി

6(*185) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. മൊയിൻകുട്ടി:
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലാശയങ്ങളിൽ ആഫ്രിക്കൻ പായൽ, കുളവാഴ എന്നിവമൂലം ജലഗതാഗതത്തിന് തടസ്സവും കൊതുക് വർദ്ധനവും ഉണ്ടാകുന്നത് നിവാരണം ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ജലാശയങ്ങളിൽ നിന്നും പായലും കുളവാഴയും നീക്കം ചെയ്ത് ശുദ്ധമാക്കാനും ഗതാഗതം സുഗമമാക്കാനും നടപടി സ്വീകരിക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ&ബി) സംസ്ഥാനത്തെ ജലാശയങ്ങളിലേയും ജലപാതകളിലെയും ആഫ്രിക്കൻ പായലും കുളവാഴയും നീക്കം ചെയ്യേണ്ടത് ആവശ്യമാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടിയതിനുശേഷം വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ചീഫ് എൻജിനീയർ (ജലസേചനവും ഭരണവും) കൺവീനറായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആഫ്രിക്കൻ പായലും കുളവാഴയും നീക്കം ചെയ്യുന്ന പ്രവൃത്തിക്കുവേണ്ടി തുടക്കത്തിൽ ഏകദേശം 62 ലക്ഷം രൂപ ചെലവ് വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്. ജനപങ്കാളിത്തത്തോടു കൂടി ഈ പ്രവൃത്തി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly